REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഇന്ത്യയ്ക്കും ലോകത്തിനുമിടയിലെ ശക്തമായ കണ്ണിയാണ് പ്രവാസി സമൂഹമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- പാലുൽപ്പാദനത്തിൽ കേരളം അതിവേഗം സ്വയംപര്യാപ്തതയിലേക്ക് കുതിക്കുകയാണെന്ന് മന്ത്രി J.ചിഞ്ചുറാണി.
- സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കാനും 'ക്ലാസുകളിലെ ബാക്ക് ബെഞ്ചേഴ്സ്' ഒഴിവാക്കാനും വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം.
- കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമൻസെൻ നാളെ ചുമതലയേൽക്കും.
- മകരവിളക്കിന് നാലു ദിവസം ശേഷിക്കേ ശബരിമല സന്നിധാനവും പമ്പയും നിലയ്ക്കലും ഭക്തജന തിരക്കിൽ.

## വാർത്തകൾ വിശദമായി

ഇന്ത്യയ്ക്കും ലോകത്തിനുമിടയിലെ ശക്തമായ കണ്ണിയാണ് പ്രവാസി സമൂഹമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പ്രവാസി ഭാരതീയ ദിവസിന് ആശംസകൾ നേരുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യക്കാർ എവിടെ പോയാലും തദ്ദേശീയ സമൂഹങ്ങളെ സമ്പന്നമാക്കിയിട്ടുണ്ടെന്നും, അതേസമയം അവർ സ്വന്തം വേരുമായി ബന്ധം പുലർത്തുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ സംസ്കാരത്തെ ആഗോളതലത്തിൽ ജനപ്രിയമാക്കുന്നതിനാൽ പ്രവാസികൾ രാഷ്ട്രദൂതരാണെന്നും, നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ വൈകീട്ട് 9-ാമത് അപെക്സ് ലെവൽ നാർക്കോ കോർഡിനേഷൻ സെന്റർ യോഗത്തിൽ അധ്യക്ഷത വഹിക്കും. മയക്കുമരുന്ന് ഭീഷണിയെ ചെറുക്കാൻ കൂട്ടായ ദേശീയ ശ്രമം അവലോകനം ചെയ്യുകയാണ് യോഗത്തിന്റെ ലക്ഷ്യം.

അമിത്ഷാ നാളെ രാത്രി കേരളത്തിലെത്തും. മറ്റന്നാൾ തിരുവനന്തപുരത്ത് BJP യോഗങ്ങളിലും, കേരള കൗമുദി സംഘടിപ്പിക്കുന്ന കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

2025-ലെ അതിവിശിഷ്ട റെയിൽ സേവാ പുരസ്കാരം 100 റെയിൽവേ ഉദ്യോഗസ്ഥർക്ക് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച റെയിൽവേ സോണുകൾക്ക് 26 ഷീൽഡുകളും നൽകും. റെയിൽവേയ്ക്ക് നൽകിയ മികച്ച സേവനത്തിനും സംഭാവനകൾക്കും ആദര സൂചകമായാണ് അവാർഡുകൾ നൽകുന്നത്.

മഹാകുംഭമേള പോലെ വലിയ പരിപാടികളിൽ സുരക്ഷിതവും സുഗമവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ നിർണായക പങ്ക് വഹിച്ച ഉദ്യോഗസ്ഥർക്ക് 26 ഷീൽഡുകൾ നൽകുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.

✪✪✪

രണ്ടാമത് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിന് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഉദ്ഘാടന ചടങ്ങിൽ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പങ്കെടുക്കും.

രാജ്യത്ത് നിന്നും വിദേശത്ത് നിന്നുമായി 2,500 ഓളം പേർ നാലു ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം യുവതി യുവാക്കൾ ഇതിന്റെ ഭാഗമാവും.

ഇന്ത്യയുടെ ഭാവി സുരക്ഷിതവും സമൃദ്ധവുമാക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. തിങ്കളാഴ്ച സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

ബഹിരാകാശ യാത്രികരായ ശുഭാംശു ശുക്ലയും, പ്രശാന്ത് നായരും യുവാക്കളുമായി സംവദിക്കുമെന്നും ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം

ക്യാപ്റ്റൻ, ഹർമൻ പ്രീത് കൗർ സംവാദത്തിൽ പങ്കെടുക്കുമെന്നും കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

✪✪✪

കേന്ദ്ര മന്ത്രി സുരേഷ് ഗോപി വൈകീട്ട് കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സന്ദർശിക്കും. നവീകരണ പ്രവൃത്തിയുടെ അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കേരളത്തിൽ എത്തും. പുതുപ്പള്ളി ദേശീയ റബ്ബർ പരിശീലന കേന്ദ്രത്തിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪

പാലുൽപ്പാദനത്തിൽ കേരളം അതിവേഗം സ്വയം പര്യാപ്തയിലേക്ക് കുതിക്കുകയാണെന്ന് മന്ത്രി J ചിഞ്ചു റാണി പറഞ്ഞു. സതേൺ ഡെയറി ആന്റ് ഫുഡ് കോൺക്ലേവ്, കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പാലുൽപ്പാദനക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്താണെന്നും, ഈ വർഷം പാലിൽ 14 ശതമാനം വർധനയുണ്ടായതായും ചിഞ്ചുറാണി അറിയിച്ചു.

സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് കൈത്താങ്ങായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തമിഴ്നാട്, തെലുങ്കാന, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലെ ക്ഷീര വികസന മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്.

✪✪✪

സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കാനും 'ക്ലാസുകളിലെ ബാക്ക് ബെഞ്ചേഴ്സ്' ഒഴിവാക്കാനും വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം. ഇതിന് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി കരട് റിപ്പോർട്ടിന് ഗവൺമെൻറ് അംഗീകാരം നൽകി.

തിരുവനന്തപുരത്തു നിന്ന് രെജു കോലിയക്കോട് ......

......... (വോയ്സ്)............

✪✪✪

LDF ന്റെ നിർണായക യോഗം തിരുവനന്തപുരത്ത് തുടരുന്നു. തദ്ദേശ തിരഞ്ഞെടുപ്പ് ഫലം, നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ എന്നിവ AKG സെന്ററിൽ തുടരുന്ന യോഗത്തിൽ ചർച്ച ചെയ്യുമെന്നാണ് സൂചന.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികളുടെ നിയമസാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ വാദം കേൾക്കൽ സുപ്രീം കോടതി അടുത്ത ആഴ്ചയിലേക്ക് മാറ്റി. ജനുവരി 13-നാണ് ഇനി വാദം കേൾക്കുക. SIR നടപടികളെ പിന്തുണച്ച് തെരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി മുതിർന്ന അഭിഭാഷകൻ രാകേഷ് ദ്വിവേദിയാണ് വാദം നടത്തുന്നത്. ജനങ്ങളുടെ പൗരത്വം പരിശോധിക്കാൻ അവകാശമുണ്ടെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വാദം.

✪✪✪

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമൻസെൻ നാളെ ചുമതലയേൽക്കും. ജസ്റ്റിസ് നിതിൻ ജാംദാർ വിരമിക്കുന്ന ഒഴിവിലാണ് നിയമനം. ഒന്നര വർഷത്തെ സേവനത്തിന് ശേഷമാണ് നിതിൻ ജാംദാർ സ്ഥാനമൊഴിയുന്നത്.

ഇന്ന് വൈകിട്ട് ഫുൾ-കോർട്ട് റെഫറൻസിലൂടെ അദ്ദേഹത്തിന് യാത്രയയപ്പ് നൽകും.

✪✪✪

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. വിദ്യാർത്ഥികളടക്കം നൂറുകണക്കിനാളുകളാണ് പുസ്തക ശാലകൾ സന്ദർശിക്കുന്നത്. രാജ്യത്തെ പ്രമുഖ പുസ്തകപ്രസാധകരുടെ സ്റ്റാളുകൾ പുസ്തകോത്സവ നഗരിയിൽ ഒരുക്കിയിട്ടുണ്ട്. വൈകിട്ട് വ്യത്യസ്ത സാംസ്കാരിക പരിപാടികളും അരങ്ങേറും.

✪✪✪

മകരവിളക്കിന് നാലു ദിവസം ശേഷിക്കേ ശബരിമല സന്നിധാനവും പമ്പയും നിലയ്ക്കലും ഭക്തജന തിരക്കിലായി. മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പിന് ശേഷമാണ് തീർഥാടകർക്ക് ദർശനം ലഭിക്കുന്നത്. ഇന്നലെ രാത്രി നടയടച്ച ശേഷം ഇന്നു രാവിലെ വരെ 34,115 പേർ ദർശനം നടത്തി. 3,830 പേർ സ്പോട്ട് ബുക്കിംഗ് വഴിയാണ് ദർശനം നടത്തിയത്.

✪✪✪

കേരളം വ്യവസായ സൗഹൃദമല്ലെന്ന പഴയ ചിന്താഗതി പൂർണ്ണമായും മാറിയെന്നും ഇപ്പോൾ നിക്ഷേപകർക്ക് ഏറ്റവും വേഗത്തിൽ സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനമാണെന്നും മന്ത്രി P രാജീവ് പറഞ്ഞു. പാലക്കാട് വ്യാവസായിക ഇടനാഴിയുടെ പ്രൊജക്ട് ഓഫീസ്, ഇരട്ടയാൽ കൊടുമ്പിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി പ്രഖ്യാപിച്ച 12 ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റികളിൽ ഏറ്റവും വേഗത്തിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയതും പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ചതും കേരളത്തിലാണ്. ഒക്ടോബറിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ 36 മുതൽ 42 മാസത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ആറളം വന്യജീവി സങ്കേതത്തെ, 'ചിത്രശലഭ സങ്കേത'മായി പുനർനാമകരണം ചെയ്ത് ഗവണ്മെന്റ് ഉത്തരവായി. സർവേയിൽ കണ്ടെത്തിയ ശലഭ വൈവിധ്യം കണക്കിലെടുത്ത് കഴിഞ്ഞ വർഷമാണ് ശലഭ സങ്കേതമായി ആറളത്തെ പ്രഖ്യാപിച്ചത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..........(വോയ്സ്).................

✪✪✪

കൊല്ലം ലോകസഭാ മണ്ഡലത്തിലെ ദേശീയപാത 66 ൽ മണ്ണ് നിറച്ച് നിർമ്മിച്ച ഉയര പാതകൾക്ക് പകരം പില്ലറിന്മേൽ ഉയരപ്പാത നിർമ്മിക്കുന്നത് സംബന്ധിച്ച്, വിദഗ്ദ്ധ സമിതി പരിശോധന നടത്തി തീരുമാനിക്കുമെന്ന് ദേശീയപാതാ അതോറിറ്റി ഉറപ്പു നൽകിയതായി

N.K പ്രേമചന്ദ്രൻ M.P അറിയിച്ചു. M.P യുടെ ആവശ്യം കേന്ദ്രമന്ത്രി നിതിൻ ഗഡ്ഗരി ലോകസഭയിൽ അംഗീകരിച്ചിരുന്നു. വിഷയത്തിൽ ന്യുഡൽഹിയിൽ സെക്രട്ടറിയുമായും, ദേശീയപാത അധികൃതരുമായും ചർച്ച നടത്തിയ ശേഷമാണ് MP യ്ക്ക് അധികൃതർ ഉറപ്പു നൽകിയത്.

✪✪✪

പ്രസിഡന്റ്സ് ട്രോഫി ജലോത്സവവും, ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനലും നാളെ കൊല്ലത്ത്. അഷ്ടമുടിക്കായലിലാണ് മത്സരങ്ങൾ.

കൊല്ലത്ത് നിന്ന് നീരജ്ലാൽ.......

.............(വോയ്സ് )......

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 520 രൂപ ഉയർന്ന് ഒരു ലക്ഷത്തി 1,720 ലെത്തി. 12,715 രൂപയാണ് ഗ്രാമിന്.

✪✪✪

ക്വാലാലംപൂരിൽ, മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ P.V സിന്ധു, ഇന്ന് ജാപ്പനീസ് താരത്തെ നേരിടും. പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് റങ്കി റെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം, ഇന്തോനേഷ്യയെ നേരിടും.

പുരുഷ സിംഗിൾസ് വിഭാഗത്തിൽ പ്രീക്വാർട്ടർ മത്സരങ്ങളിൽ പരാജയപ്പെട്ട ലക്ഷ്യ സെന്നും, ആയുഷ് ഷെട്ടിയും ടൂർണമെന്റിൽ നിന്ന് പുറത്തായി.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*NRTs: അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*Deo: ഷീബ*